(സി) ഈ കിണറിന്റെ പണി പതിനെട്ട് മാസത്തിനുള്ളിൽ പൂർത്തിയാക്കണമെന്നുള്ള കരാർ വ്യവസ്ഥ പ്രകാരമുള്ള കാലാവധി പലതവണ ദീർഘിപ്പിച്ചു നൽകിയിട്ടും പണി പൂർത്തിയാക്കാത്തതിനാൽ നിലവിലുള്ള കരാർ റദ്ദ് ചെയ്ത് പുതിയ കരാറുകാരനെ ഏൽപ്പിച്ച് പണി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ പദ്ധതിയുടെ കിണർ ഏകദേശം 45%-വും ശുദ്ധീകരണശാല 90%-വും ഉപരിതല ജലസംഭരണി 30%-വും പൂർത്തിയായിട്ടുണ്ട്. ഇലക്ട്രിക്കൽ പണികളുടേയും പൈപ്പ്ലൈനിന്റെയും എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) നിലവിലുള്ള കരാറുകാരനെ മാറ്റി മറ്റൊരു കരാറുകാരനെ പ്രവൃത്തി ഏൽപ്പിക്കുന്നതിന് കൂടുതൽ കാലതാമസത്തിന് ഇടയാക്കുവാൻ സാദ്ധ്യതയുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പണി പൂർത്തിയാക്കുന്നതാണ്.

ജപ്പാൻ ശുദ്ധജല പദ്ധതികളുടെ വ്യവസ്ഥകൾ

79 [1909] *പ്രൊഫ. എ. ഡി. മുസ്തഫ:*
ശ്രീ. ടി. എൻ. പ്രതാപൻ:
,, *കെ. മുഹമ്മദാലി:*
പ്രൊഫ. കെ. വി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ സഹായത്തോടുകൂടി നിർമ്മിക്കുന്ന ശുദ്ധജല പദ്ധതികളുടെ ആവശ്യത്തിന് ഡി. ഐ. പൈപ്പുകൾ വാങ്ങുന്നത് സംബന്ധിച്ച് ഒറിജിനൽ ടെണ്ടറിലെ വ്യവസ്ഥകൾ എന്തെല്ലാമായിരുന്നു;

(ബി) ഈ ടെണ്ടർ വ്യവസ്ഥകളിൽ എന്തെങ്കിലും മാറ്റം വരുത്തുകയുണ്ടായോ. എങ്കിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയത്;

(സി) ടെണ്ടർ വ്യവസ്ഥയിൽ മാറ്റങ്ങൾ വരുത്തിയതിന്റെ ഫലമെന്തായിരുന്നു. പ്രസ്തുത മാറ്റങ്ങൾ വരുത്തണമെന്ന് ഗവൺമെന്റ് ആവശ്യപ്പെട്ടിരുന്നോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇല്ലെങ്കിൽ പ്രസ്തുത മാറ്റങ്ങൾ വരുത്തിയതിനുള്ള ഉത്തരവാദിത്വം ആർക്കെല്ലാമാണ്;

(ഇ) പ്രസ്തുത മാറ്റങ്ങൾ ഗവൺമെന്റ് താല്പര്യങ്ങൾക്ക് അനുഗുണമായിരുന്നോ; ഇല്ലെങ്കിൽ പ്രസ്തുത മാറ്റം വരുത്തിയതിന് ഉത്തരവാദികളായവരുടെമേൽ എന്ത് നടപടി എടുക്കാനുദ്ദേശിക്കുന്നു?

ഉത്തരം

(എ) ജപ്പാൻ കുടിവെള്ള പദ്ധതിക്കുവേണ്ടി ഡി.ഐ.പൈപ്പുകളോ മറ്റേതെങ്കിലും തരം പൈപ്പുകളോ വാങ്ങുന്നതിനുവേണ്ടിയുള്ള ടെണ്ടറുകൾ ഒന്നും കേരള വാട്ടർ അതോറിറ്റി ക്ഷണിച്ചിട്ടില്ല.

(ബി)—(ഇ) ചോദ്യം ഉദിക്കുന്നില്ല.

സംസ്ഥാനത്തെ സുജൽധാര പദ്ധതി

80 [1910] *ശ്രീ. എ. കെ. ബാലൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സുജൽധാര പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലിരിക്കുന്നു;

(ബി) സംസ്ഥാനത്ത് എത്ര പഞ്ചായത്തുകളിലാണ് ഈ പദ്ധതി ഇപ്പോൾ നടപ്പിലാക്കിയിട്ടുള്ളത്; എത്ര പഞ്ചായത്തുകളിലാണ് നടപടി പൂർത്തീകരിക്കാനുള്ളത്;

(സി) കേന്ദ്ര സർക്കാരിൽനിന്ന് നാളിതുവരെ എത്ര ലക്ഷം രൂപയാണ് ഈ പദ്ധതിക്ക് ലഭിച്ചിട്ടുള്ളത്;

(ഡി) സംസ്ഥാന ഗവൺമെന്റിന്റെ വിഹിതം എത്രയാണ്;

(ഇ) ഗുണഭോക്തൃ വിഹിതം എത്രയാണ്;

(എഫ്) നാളിതുവരെ വിവിധ ഇനത്തിൽ എന്ത് തുക ചെലവഴിച്ചിട്ടുണ്ട്;

(ജി) പാലക്കാട് ജില്ലയിൽമാത്രം സുജൽധാരയുടെ എത്ര പദ്ധതികളുണ്ട്; അവ ഏതെല്ലാം പഞ്ചായത്തുകളിലാണ്; ഏതെല്ലാം പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്; ഇനി ഏതെല്ലാം പദ്ധതികളാണ് പൂർത്തീകരിക്കാനുള്ളതെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly